ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.03.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഗുജറാത്ത് സന്ദർശനം പുരോഗമിക്കുന്നു. ദേശീയ വന്യജീവി ബോർഡിൻറെ യോഗത്തിൽ ഇന്ന് അധ്യക്ഷത വഹിക്കും.

   **Prime Minister Narendra Modi's visit to Gujarat is progressing. He will chair a meeting of the National Wildlife Board today.**

2. ക്ഷീര മേഖലയിലെ സുസ്ഥിര പ്രവർത്തനങ്ങൾ സംബന്ധിച്ച ശില്പശാല കേന്ദ്രമന്ത്രി അമിത് ഷാ ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യും.

   **Union Minister Amit Shah will inaugurate a workshop on sustainable practices in the dairy sector in New Delhi.**

3. സ്പെയ്നിലെ ബാഴ്സലോണയിൽ ഇന്നാരംഭിക്കുന്ന മൊബൈൽ വേൾഡ് കോൺഗ്രസിൽ കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ പങ്കെടുക്കും.

   **Union Minister Jyotiraditya Scindia to participate in Mobile World Congress starting today in Barcelona, Spain**

4. പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം ഇന്ന് പുനരാരംഭിക്കും.

   **The 13th session of the 15th Kerala Legislative Assembly will resume today.**

5. വന്യജീവികളുടെ പ്രാധാന്യത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഇന്ന് ലോക വന്യജീവി ദിനം.

**Today marks World Wildlife Day.**

6. ഐസിസി ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റ് സെമിഫൈനലിൽ കടന്ന് ഇന്ത്യ. അവസാന ഗ്രൂപ്പ് മത്സരത്തിൽ ന്യൂസിലൻഡിനെ പരാജയപ്പെടുത്തിയത് 44 റൺസിന് .

**India entered the ICC Champions Trophy cricket semi-finals. They defeated New Zealand by 44 runs in the last group match.**

*******************************************************

## PM – GUJARAT

ലോക വന്യജീവി ദിനത്തോടനുബന്ധിച്ച് ഗുജറാത്തിലെ ജുനഗഡ് ജില്ലയിൽ വന്യജീവികളുടെയും വനങ്ങളുടെയും സംരക്ഷണത്തിനും വേണ്ടി പ്രവർത്തിക്കുന്ന ദേശീയ വന്യജീവി ബോർഡ് യോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് അധ്യക്ഷത വഹിക്കും. പ്രധാനമന്ത്രി ചെയർപേഴ്സണായ ബോർഡിൽ 47 അംഗങ്ങളാണുള്ളത്. രാവിലെ പ്രധാനമന്ത്രി ഗിർ ദേശീയ ഉദ്യാനവും സന്ദർശിക്കും. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ശനിയാഴ്ച ഗുജറാത്തിലെത്തിയ ശ്രീ മോദി ജാംനഗറിലെ വൻതാര മൃഗസംരക്ഷണ കേന്ദ്രവും സോമനാഥ ക്ഷേത്രവും സന്ദർശിച്ചിരുന്നു.

*******************************************************

## VICE PRESIDENT .. INTRO

സാങ്കേതികവിദ്യയിലും നൂതനാശയങ്ങളിലും ഉള്ള പുരോഗതി ഇന്ത്യയുടെ ഭാവി രൂപപ്പെടുത്തുന്നതിന് നിർണായകമാണെന്ന് ഉപരാഷ്ട്രപതി ജഗദീപ് ധൻഖർ. ഗവേഷണ വികസന മേഖലകളിൽ കോർപ്പറേറ്റ് നിക്ഷേപത്തിന്റെ ആവശ്യകത ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി. ഹൈദരാബാദ് IIT യിൽ വിദ്യാർത്ഥികളും

അധ്യാപകരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. കൂടുതൽ സാധ്യതകളും വെല്ലുവിളികളും അവസരങ്ങളും ഉള്ള ഒരു പുതിയ വ്യവസായ വിപ്ലവത്തിന് നിർമിതബുദ്ധിയിലെ മുന്നേറ്റം കാരണമാകുന്നതായി അദ്ദേഹം പറഞ്ഞു...

(ഹോൾഡ്) (വോയ്സ്)

******************************************************

## AMIT SHA WORKSHOP

ക്ഷീര മേഖലയിലെ സുസ്ഥിര പ്രവർത്തനങ്ങൾ സംബന്ധിച്ച ശില്പശാല കേന്ദ്ര ആഭ്യന്തര, സഹകരണ വകുപ്പ് മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഉദ്ഘാടനം ചെയ്യും. പാൽ, അനുബന്ധ ഉൽപ്പന്നങ്ങൾ എന്നിവയുടെ സുസ്ഥിര ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നത്തിനായി സഹകരണ മന്ത്രാലയവും ക്ഷീരവികസന മന്ത്രാലയവും ആസൂത്രണം ചെയ്തിട്ടുള്ള നയങ്ങളെക്കുറിച്ച് ചർച്ച നടക്കും. കേന്ദ്ര മന്ത്രിമാരായ രാജീവ് രഞ്ജൻ സിംഗ്, എസ്. പി. സിംഗ് ബാഗേൽ, ജോർജ് കുര്യൻ എന്നിവർ പങ്കെടുക്കും.

******************************************************

## JYOTIRADITYA SCINDIA

സ്പെയ്നിലെ ബാഴ്സലോണയിൽ ഇന്നാരംഭിക്കുന്ന മൊബൈൽ വേൾഡ് കോൺഗ്രസിൽ കേന്ദ്രമന്ത്രി ജ്യോതിരാദിത്യ സിന്ധ്യ ഇന്ത്യയെ പ്രതിനിധീകരിക്കും. ലോകത്തെ ഏറ്റവും വലിയ സാങ്കേതിക-ടെലികമ്മ്യൂണിക്കേഷൻ പരിപാടികളിലൊന്നായ മൊബൈൽ വേൾഡ് കോൺഗ്രസിൽ 'ഭാരത് പവലിയൻ' അദ്ദേഹം ഉദ്ഘാടനം ചെയ്യും.

******************************************************

## DELHI HC-SMARTHPHONES

സ്കൂളുകളിൽ സ്മാർട്ട്ഫോണുകൾ ഉപയോഗിക്കുന്നതിന് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ച് ഡൽഹി ഹൈക്കോടതി. സ്കൂളുകളിൽ മൊബൈൽ ഫോണുകൾ കൊണ്ടുവരുന്നതിൽ കുട്ടികളെ വിലക്കേണ്ടതില്ലെന്നും എന്നാൽ, ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം നിയന്ത്രിക്കുകയും നിരീക്ഷിക്കുകയും വേണമെന്നു ജസ്റ്റിസ് അനുപ് ജയറാം ഭംഭാനിയുടെ ബെഞ്ച് പറഞ്ഞു.

*****************************************************************

## DELHI- ASSEMBLY

ഡൽഹിയിലെ മുൻ സർക്കാരിൻ്റെ ഭരണകാലത്തെ സാമൂഹ്യ ആരോഗ്യ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ, ഭരണനിർവഹണം എന്നിവയെക്കുറിച്ചുള്ള സിഎജി റിപ്പോർട്ടിന്മേലുള്ള ചർച്ച ഡൽഹി നിയമസഭ ഇന്ന് പുനരാരംഭിക്കും. വെള്ളിയാഴ്ച ഡൽഹി മുഖ്യമന്ത്രി രേഖാ ഗുപ്തയാണ് റിപ്പോർട്ട് നിയമസഭയിൽ വെച്ചത്. ഡൽഹിയിലെ ജലക്ഷാമം, വെള്ളക്കെട്ട്, അഴുക്കുചാലുകളിലെ തടസ്സം നീക്കൽ എന്നിവയെക്കുറിച്ചുള്ള ഹ്രസ്വകാല ചർച്ചയും സഭയിൽ നടക്കും.

*****************************************************************

## PRALHAD JOSHI.. INTRO

രാജ്യത്ത് വിതരണശൃംഖലകൾ ശക്തിപ്പെടുത്തുന്നതിലും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിലും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷൻ - CWC, നിർണായക പങ്ക് വഹിക്കുന്നതായി കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി. ന്യൂഡൽഹിയിൽ CWC-യുടെ 69-ാമത് സ്ഥാപക ദിനാഘോഷ വേളയിൽ വീഡിയോ സന്ദേശത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

പിഎം ഗരീബ് കല്യാൺ യോജന, പിഎം ആശ തുടങ്ങിയ പദ്ധതികളുടെ വിജയകരമായ പ്രവർത്തനം ഉറപ്പാക്കാൻ CWC-ക്ക് സാധിച്ചതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

*******************************************************

## GOYAL-US VISIT

കേന്ദ്ര മന്ത്രി പിയൂഷ് ഗോയലിന്റെ യു എസ് സന്ദർശനം ഇന്ന് ആരംഭിക്കും. യുഎസ് വാണിജ്യ സെക്രട്ടറി , വ്യാപാര പ്രതിനിധി എന്നിവരുമായി ശ്രീ. ഗോയൽ ചർച്ച നടത്തും. 2030-ഓടെ ഇരു രാജ്യങ്ങളും തമ്മിലുള്ള വാണിജ്യം 500 ബില്യൺ യുഎസ് ഡോളറായി ഇരട്ടിയാക്കാനുള്ള പ്രതിജ്ഞാബദ്ധത പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദർശന വേളയിൽ ഇന്ത്യയും യുഎസും പ്രഖ്യാപിച്ചിരുന്നു.

*******************************************************

## MUMBAI-SEBI

ഓഹരി വിപണിയിലെ തട്ടിപ്പുമായി ബന്ധപ്പെട്ട കേസിൽ മുൻ സെബി മേധാവി മാധബി പുരി ബുച്ച് ഉൾപ്പെടെയുള്ള മുതിർന്ന ഉദ്യോഗസ്ഥർക്കെതിരെ FIR രജിസ്റ്റർ ചെയ്യാൻ മുംബൈയിലെ പ്രത്യേക അഴിമതി വിരുദ്ധ കോടതി ഉത്തരവിട്ടു. ഒരു പത്രപ്രവർത്തകൻ സമർപ്പിച്ച ഹർജിയിലാണ് ജഡ്ജ് എസ് ഇ ബംഗാറിൻറെ ഉത്തരവ്. അന്വേഷണം നിരീക്ഷിക്കുമെന്നറിയിച്ച കോടതി, കേസിൻറെ നിലവിലെ സ്ഥിതി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാനും നിർദ്ദേശിച്ചു.

*******************************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്........

*******************************************************

## PABITRA MARGHERITA-URUGUAY

ഉറുഗ്വേയിൽ പുതുതായി തെരെഞ്ഞെടുത്ത പ്രസിഡന്റ് , വൈസ് പ്രസിഡന്റ് എന്നിവരുടെ സത്യപ്രതിജ്ഞാ ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് കേന്ദ്ര വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരിറ്റ പങ്കെടുത്തു. ഉറുഗ്വേയിലെ പുതിയ സർക്കാരിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ആശംസകൾ അദ്ദേഹം അറിയിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിന് പുതിയ സർക്കാരുമായി സഹകരിക്കാൻ ഇന്ത്യ ആഗ്രഹിക്കുന്നുവെന്ന് പബിത്ര മാർഗരിറ്റ പറഞ്ഞു. ഉറുഗ്വേയിലെ ഇന്ത്യൻ പ്രവാസികളുമായി സംവദിച്ച അദ്ദേഹം മഹാത്മാഗാന്ധി പ്രതിമയിൽ പുഷ്പാർച്ചന നടത്തി .

********************************************

## NIYAMASABHA … (INTRO)

പതിനഞ്ചാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം ഇന്ന് പുനരാരംഭിക്കും. ആശാ വർക്കർമാരുടെ ഓണറേറിയം ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രദ്ധക്ഷണിക്കൽ, സ്വകാര്യ സർവകലാശാല ബിൽ അവതരണം തുടങ്ങിയവയാണ് സഭയിലെ ഇന്നത്തെ പ്രധാന നടപടിക്രമങ്ങൾ. അതേസമയം, സമ്മേളനം പുനക്രമീകരിച്ചിട്ടുണ്ട്. ഈ മാസം 25 ന് നിയമസഭാ സമ്മേളനം അവസാനിക്കും. ഈ മാസം 12 ദിവസം മാത്രമെ സഭ ചേരുകയുള്ളൂ.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്..........**

(വോയ്സ്)

********************************************

## SSLC, PLUS 2 EXAM

കേരളത്തിൽ SSLC, ഹയർസെക്കൻഡറി പരീക്ഷകൾക്ക് ഇന്ന് തുടക്കം. നാല് ലക്ഷത്തി 27,021 വിദ്യാർത്ഥികളാണ് ഇത്തവണ SSLC പരീക്ഷ എഴുതുന്നത്. ഗൾഫ് മേഖലയിൽ 682 കുട്ടികളും, ലക്ഷദ്വീപ് മേഖലയിൽ 447 കുട്ടികളും പരീക്ഷ എഴുതുന്നുണ്ട്. ഉച്ചയ്ക്ക് ശേഷമാണ് ഹയർസെക്കൻഡറി പരീക്ഷകൾ. എല്ലാ പരീക്ഷകളും ഈ മാസം 26 ന് അവസാനിക്കും. പരീക്ഷ എഴുതുന്ന കുട്ടികൾക്ക് മന്ത്രി വി ശിവൻകുട്ടി വിജയാശംസകൾ നേർന്നു.

*****************************************************

## KOZHIKODE - DEATH

കോഴിക്കോട് താമരശേരിയിൽ സ്കൂൾ വിദ്യാർഥികൾ തമ്മിലുള്ള സംഘർഷത്തിൽ പരിക്കേറ്റ വിദ്യാർഥി മരിച്ച കേസിൽ പൊലീസ് അന്വേഷണം തുടരുന്നു. ഒബ്സർവേഷൻ ഹോമിലേക്ക് മാറ്റാൻ ജുവനൈൽ ജസ്റ്റിസ് ബോർഡ് ഉത്തരവിട്ട അഞ്ച് വിദ്യാർഥികൾക്ക് SSLC പരീക്ഷ എഴുതാനുള്ള ക്രമീകരണം ഒരുക്കുമെന്ന് അധികൃതർ പറഞ്ഞു.

*****************************************************

## WOLD WILDLIFE DAY

ഇന്ന് ലോക വന്യജീവി ദിനം. മനോഹരവും വൈവിദ്ധ്യപൂർണവുമായ അനവധി ഇനം വന്യജീവികളെ ആഘോഷിക്കാനും പ്രകൃതിയിൽ അവയുടെ പ്രാധാന്യത്തെ കുറിച്ച് അവബോധം വർധിപ്പിക്കാനുമാണ് ഐക്യരാഷ്ട്ര സഭ ഈ ദിനാചരണത്തിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം മനുഷ്യ-വന്യ ജീവി സംഘർഷം രൂക്ഷമായ ഒരു പശ്ചാത്തലത്തിലാണ് ഇത്തവണ ലോക വന്യജീവിദിനമെത്തുന്നത്.

*****************************************************

## OSCAR

97-ാമത് ഓസ്കാർ പുരസ്കാര പ്രഖ്യാപനം ലോസ് ഏഞ്ചൽസിൽ പുരോഗമിക്കുന്നു. **എ റിയൽ പെയിൻ** എന്ന ചിത്രത്തിലെ അഭിനയത്തിന് **കീറൻ കൾകിൻ** മികച്ച സഹനടനായി തിരഞ്ഞെടുക്കപ്പെട്ടു. മികച്ച തിരക്കഥയ്ക്കുള്ള പുരസ്കാരം **അനോര** സ്വന്തമാക്കി. ലൈവ് ആക്ഷൻ ഷോർട് ഫിലിം വിഭാഗത്തിൽ ഇന്ത്യൻ ചിത്രം **അനുജ** മത്സരരംഗത്തുണ്ട്.

***************************************************

## ICC CHAMPIONS TROPHY

ഐസിസി ചാമ്പ്യൻസ് ട്രോഫിയിൽ ഇന്ത്യ സെമിഫൈനലിൽ കടന്നു. ഇന്നലെ നടന്ന അവസാന ലീഗ് മത്സരത്തിൽ ന്യൂസിലൻഡിനെ 44 റൺസിനാണ് ഇന്ത്യ പരാജയപ്പെടുത്തിയത്. മത്സരത്തിൽ ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 9 വിക്കറ്റ് നഷ്ടത്തിൽ 249 റൺസെടുത്തു. ശ്രേയസ് അയ്യർ 79 റൺസും ഹാർദിക് പാണ്ഡ്യ 45 റൺസും നേടി. തന്റെ ആദ്യ ഏകദിന മത്സരത്തിൽ അഞ്ച് വിക്കറ്റ് നേടിയ ചക്രവർത്തിയെ കളിയിലെ താരമായി തെരെഞ്ഞെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ കിവീസ് 45.3 ഓവറിൽ 205 റൺസിന് പുറത്തായി. നാളെ ദുബായിൽ നടക്കുന്ന ആദ്യ സെമിയിൽ ഇന്ത്യ ഓസ്ട്രേലിയയെ നേരിടും.

*************************************************************************************************************************************************

*****************